പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3492

19/10/2016-ലെ മറുപടിയ്ക്ക്

## മോട്ടോർ തൊഴിലാളി ക്ഷേമനിധി പെൻഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. രാജഗോപാലൻ | | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) 60 വയസ്സ് കഴിഞ്ഞവർക്ക് മോട്ടോർ തൊഴിലാളി ക്ഷേമ നിധി പെൻഷൻ ലഭ്യമാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>(ബി) ക്ഷേമനിധി പെൻഷൻ സമയ ബന്ധിതമായി പാസ്സാക്കി നൽ കാൻനടപടികൾ ഉണ്ടാകുമോ? | എ) & ബി) | 60 വയസ്സ് കഴിഞ്ഞ യോഗ്യരായ അപേക്ഷകർ 6 മാസത്തിനുള്ളിൽ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. 6 മാസം കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ മാപ്പപേക്ഷയുൾപ്പെടെ ബോർഡിന്റെ അനുമതിയോടുകൂടി മാത്രമേ പാസാക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാന മൊട്ടാകെ 338 അപേക്ഷകൾ നിലവിൽ തീർപ്പ് കൽപ്പിക്കുവാനുണ്ട്. ഇതിൽ 198 അപേക്ഷ കൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ബാക്കിയുള്ള 140 അപേക്ഷകൾ ബോർഡിൽ വച്ച് തീരുമാനമെടുക്കേണ്ടതുണ്ട്. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടനയ്ക്ക് അന്തിമരൂപം ആയി വരുന്നതേയുള്ളൂ. ആയതിനാൽ മെയ് മാസം മുതലുള്ള അപേക്ഷകൾ തീർപ്പ് കൽപ്പിക്കുവാൻ സാധി ച്ചിട്ടില്ല. ക്ഷേമനിധി പെൻഷൻ സമയബന്ധിത മായി നൽകുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ